അനുവദിക്കരുതെന്നും ആയുധങ്ങളുമായി ആരുംതന്നെ കോളേജിനുള്ളിൽ കടക്കരുതെന്നും കോളേജ് പ്രിൻസിപ്പാളും വിദ്യാർത്ഥികളും അദ്ധ്യാപകരും, അദ്ധ്യാപകേതര ജീവനക്കാരും ഒഴിച്ച് ആരും കോളേജിനുള്ളിൽ പ്രവേശിക്കരുതെന്നും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവ് നൽകിയിരുന്നു.

(ഡി) എസ്.എഫ്.ഐ.

(ഇ) അറിവുണ്ടായിരുന്നു. കേസ് രജിസ്റ്റർ ചെയ്യുകയും 21 വിദ്യാർത്ഥികളെ അറസ്റ്റുചെയ്യുകയും ചെയ്തിട്ടുണ്ട്.

(എഫ്&ജി) 1-2-2000-ൽ വിദ്യാർത്ഥികൾ കോളേജ് പ്രിൻസിപ്പാളിന്റെ മുറിക്ക് മുമ്പിൽ കുത്തിയിരുപ്പ് സമരം നടത്തുകയുണ്ടായി. ഇവർക്കെതിരെ പോലീസ് കേസ് എടുത്തിട്ടുണ്ട് ഈ പ്രശ്നം സംബന്ധിച്ച് സമർപ്പിക്കപ്പെട്ട ഹർജികൾ കേരളാ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(എച്ച്) ഇല്ല.

ഗുരുദേവ പ്രതിമ തകർത്ത സംഭവം

70 (70) ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എൻ.ഡി.പി. യോഗം ആസ്ഥാന മന്ദിരത്തിന് മുന്നിലുള്ള ഗുരുദേവ പ്രതിമ തകർത്ത പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ എത്രപേരെ ;

(ബി) എത്ര പേരെ ഇനിയും പിടികിട്ടാനുണ്ട് ;

(സി) പിടികിട്ടിയ പ്രതികൾ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഗുരുദേവ പ്രതിമ തകർത്ത സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്താൻ ഉത്തരവ് നൽകുമോ ?

ഉത്തരം

(എ) ഈ സംഭവത്തിൽ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 100/2000 നമ്പർ കേസിന്റെ അന്വേഷണത്തിൽ പ്രതി എന്ന് വെളിവായ ഒരാളെ അറസ്റ്റുചെയ്തിട്ടുണ്ട്.

(ബി) പ്രതികളുടെ എണ്ണം കൃത്യമായി അറിവായിട്ടില്ല.

(സി) കൊല്ലം മുണ്ടക്കൽ ഉദയ-മാർത്താണ്ഡപുരം ചേരിയിൽ കപ്പലണ്ടിമുക്കിനു സമീപം ശാസ്തപുരയ്ക്കൽ വീട്ടിൽ രാജൻ.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly